# കേരള സർക്കാർ

## സർക്കുലർ

നമ്പർ. 12178/ബി.പി.ഇ2/06/പ്ളാനിംഗ്.

ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പ്,
തിരുവനന്തപുരം, 02/11/2006

വിഷയം: പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച്.

05/08/2006 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ചെയർമാനും അംഗങ്ങളുമായി നടന്ന ചർച്ചയിൽ സംസ്ഥാനത്തെ 105 പൊതു മേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടിട്ടുണ്ടെങ്കിലും 39 പൊതു മേഖലാ സ്ഥാപനങ്ങളിൽ മാത്രമാണ് സ്പെഷ്യൽ റൂൾസ് ഉണ്ടായിട്ടുള്ളതെന്നും ശേഷിയ്ക്കുന്ന സ്ഥാപനങ്ങൾ ഇനിയും സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ചൂണ്ടിക്കാണിയ്ക്കുന്നു.

ഇക്കാര്യം സർക്കാർ വളരെ ഗൗരവമായി കാണുന്നു. ഈ സാഹചര്യത്തിൽ നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമന്ന് നിർദ്ദേശിക്കുന്നു.

ഇക്കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദ വിവരം ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പിനെ അിറയിയ്ക്കുവാനും താത്പര്യപ്പെടുന്നു.

ടി.ബാലകൃഷ്ണൻ,
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേധാവികൾക്ക്,

പകർപ്പ്: -- എല്ലാ ഭരണ വകുപ്പുകൾക്കും (ധനകാര്യ വകുപ്പുൾപ്പെടെ)

നിയമസഭാ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)